# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5678 | 09.07.2012 - ൽ മറുപടിക്ക്

## അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിഭിന്ന ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും, ക്വാളിറ്റിയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ അതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്; | | **(എ) ആന്റ് (ബി)**<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS പ്രകാരം വിഭിന്ന ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും ക്വാളിറ്റിയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ/ഹയർ സെക്കൻഡറി പ്രധാനാദ്ധ്യാപകർക്കും, റിസോഴ്സ് അദ്ധ്യാപകർക്കും കാഴ്ച ശക്തിയില്ലാത്ത അദ്ധ്യാപകർക്കും പരിശീലനം നൽകി വരുന്നു. റിസോഴ്സ് അദ്ധ്യാപകർക്ക് മൾട്ടി കാറ്റഗറി ട്രെയിനിംഗ് നൽകുന്നുണ്ട്. വരും വർഷങ്ങളിലും ഇത്തരം പരിശീലന പരിപാടികൾ നൽകുന്നതാണ്. |
| (സി) വിഭിന്ന ശേഷിയുള്ള കുട്ടികൾക്കായുള്ള എത്ര സ്കൂളുകൾ സംസ്ഥാനത്ത് സർക്കാർ, എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 7-ഉം എയ്ഡഡ് മേഖലയിൽ 37-ഉം അന്ധ/ബധിര വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി സ്വകാര്യമേഖലയിൽ പി.ഡബ്ല്യൂ.ഡി. രജിസ്ട്രേഷൻ ഉള്ള 268 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.